പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5609 02 .07.2019-ൽ മറുപടിയ്ക്ക്

## വീട് പൂർത്തീകരണത്തിനുള്ള പദ്ധതി

ചോദ്യം

ശ്രീ.ജോർജ് എം. തോമസ്

മറുപടി

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് പൂർത്തീകരണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായി കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചിട്ടും പണി പൂർത്തീകരിക്കുന്നതിന് കഴിയാത്തവർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ/ഓവർസിയർ/ അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസറിൽ നിന്നുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ വരെ പ്രത്യേക ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് പരിഗണിക്കുന്നത്. 10 വർഷത്തിനുള്ളിൽ ധനസഹായം കൈപ്പറ്റിയവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. ധനസഹായ തുക 30%, 50%, 20% എന്ന നിരക്കിൽ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണം, മുൻവർഷങ്ങളിൽ അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണം, പുനരുദ്ധാരണം തുടങ്ങിയവയ്ക്കായി ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചുവരുന്നു. ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് നടപ്പിലാക്കുന്നത്. ആയതിലേക്ക് എസ്റ്റിമേറ്റിന്റെ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചു നൽകുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 വർഷം അനുവദിച്ച വീടുകൾക്കുള്ള ധനസഹായം 3.50 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയായും വിദൂരസ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന വീടുകൾ പൂർത്തീകരിക്കുവാൻ ഇത് ഉപകരിക്കും. |
| ബി) | വീട് റിപ്പയറിംഗ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | ബി)<br>&<br>സി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും വീട് റിപ്പയറിംഗിന് തുക അനുവദിക്കുന്നില്ല.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും, വിവിധ സർക്കാർ ഏജൻസികളും മുൻവർഷങ്ങളിൽ അനുവദിച്ചതും നിലവിലെ മാനദണ്ഡ പ്രകാരം പണി പൂർത്തിയാക്കി 6 വർഷം പൂർത്തിയായ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനും പരമാവധി ഒന്നര ലക്ഷം രൂപ വരെ അനുവദിച്ചു നൽകുന്നുണ്ട്. |
| സി) | ഇല്ലെങ്കിൽ, റിപ്പയറിംഗ് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

Hari

**സെക്ഷൻ ഓഫീസർ**